സംബന്ധിച്ച് സർക്കാരിന് പരാതി നൽകിയിട്ടുണ്ടോ; ഇതു സംബന്ധിച്ചുള്ള പോലീസ് അന്വേഷണത്തിന്റെ പുരോഗതി വ്യക്തമാക്കുമോ;

(ബി) ശ്രീമതി വിജയമ്മയുടെ 7313-ാം നമ്പർ സ്ഥിര നിക്ഷേപത്തിന് 1997 ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ പലിശ 30-8-97-ന് പലിശകാർഡിൽ വരവു വച്ച് നൽകിയ ഉദ്യോഗസ്ഥ/ഉദ്യോഗസ്ഥൻ ആരായിരുന്നു. പ്രസ്തുത പലിശ തുക കൗണ്ടറിൽ നിന്ന് ശ്രീമതി വിജയമ്മയ്ക്ക് നൽകിയത് ആരായിരുന്നു; ഈ കേസിന്റെ ഇതുവരെയുള്ള അന്വേഷണ വിവരം വെളിപ്പെടുത്തുമോ;

(സി) ഈ കേസിലെ യാഥാർത്ഥ്യം കണ്ടെത്താൻ സർക്കാർ അടിയന്തിര നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) പരാതി ലഭിച്ചിട്ടുണ്ട്. വിശദമായ അന്വേഷണം നടത്തി പരാതിയിലെ ആരോപണം വസ്തുതകൾക്ക് വിരുദ്ധവും മതിയായ തെളിവുകളില്ലാത്തതുമായ സാഹചര്യത്തിൽ ഫയൽ നടപടികൾ അവസാനിപ്പിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച കേസ് സിറ്റി പോലീസ് കമ്മീഷണറുടെ അന്വേഷണത്തിലിരിക്കുകയാണെന്ന് ആഭ്യന്തര വകുപ്പ് അറിയിച്ചിട്ടുണ്ട്.

(ബി) സംഘം ജീവനക്കാരനായ ശ്രീ. മഹാദേവൻ ആണ് പലിശ കാർഡിൽ വരവുവച്ച് നൽകിയ ഉദ്യോഗസ്ഥൻ. പ്രസ്തുത പലിശ തുക കൗണ്ടറിൽ നിന്ന് നൽകിയത് ശ്രീമതി ജെ. രേണുകയായിരുന്നു. ടി. പരാതിയിന്മേൽ സഹകരണ സംഘം വിജിലൻസ് ഡെപ്യൂട്ടി രജിസ്ട്രാർ, അഡീഷണൽ രജിസ്ട്രാർ (കൺസ്യൂമർ) എന്നിവർ അന്വേഷണം നടത്തുകയും പരാതിയിലെ ആരോപണത്തെ സംബന്ധിച്ച് മതിയായ തെളിവില്ലാത്ത സാഹചര്യത്തിൽ നടപടികൾ അവസാനിപ്പിക്കുകയും ചെയ്തു.

(സി) മുൻ ചോദ്യത്തിന്റെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

II. ശ്രദ്ധക്ഷണിക്കൽ

(1) ആദിവാസികൾക്കിടയിൽ പടർന്നു പിടിച്ചിട്ടുള്ള സിക്കിൾ സെൽ അനീമിയ രോഗം

[9.30 A.M] ശ്രീമതി രാധാ രാഘവൻ : സർ, സിക്കിൾ സെൽ അനീമിയ എന്ന രോഗം നിയന്ത്രിക്കേണ്ടതിന്റെ ആവശ്യകതയിലേക്കാണ് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. കേരളത്തിലെ ആദിവാസിക്കൾക്കിടയിൽ പ്രത്യേകിച്ച് വയനാട്, അട്ടപ്പാടി പ്രദേശങ്ങളിൽ കണ്ടുവരുന്ന പ്രത്യേക രോഗമാണ് സിക്കിൾ സെൽ അനീമിയ. ഇതു മൂലം അനേകം ആദിവാസികൾ മരണപ്പെട്ടു കഴിഞ്ഞു. അനേകർ മരണത്തോട് മല്ലടിച്ചു കഴിയുന്നു. വിദഗ്ദ്ധ ചികിത്സയും പോഷകാഹാരവും കൃത്യമായി എത്തിക്കുന്നില്ല എന്നുവരികിൽ ഈ രോഗം പിടിപെട്ട് ഇന്ന് കേരളത്തിലുള്ള ആദിവാസികളിൽ ഭൂരിപക്ഷവും മരണപ്പെടും.

സർ, സിക്കിൾ സെൽ അനീമിയ മൂലം ആദിവാസികൾ മറ്റ് പല രോഗങ്ങൾക്കും അടിമകളായി മാറുകയാണ്. രോഗപ്രതിരോധശക്തി ക്ഷയിച്ച് അവർ വിളറി വെളുത്ത് കഠിനരോഗം പിടിപെട്ട് മരിക്കുകയാണ്. ഇന്ന് പകർച്ച വ്യാധികൾ ആദിവാസി സമൂഹത്തിൽ വ്യാപകമാണ്. രോഗം വന്നാൽ ചികിത്സിക്കുന്നതിന് വൈമുഖ്യം കാണിക്കുന്ന ഈ വിഭാഗത്തിന് വേണ്ടതായ

LIBRARY ARCHIVES Kerala Legislative Assembly

അറിവ് പകരേണ്ടതു കൂടിയുണ്ട്. ഇങ്ങനെ പോയാൽ അടുത്ത നൂറ്റാണ്ടിൽ ആദിവാസികൾ എന്ന വിഭാഗം ഉണ്ടാകുമോ എന്ന് സംശയിക്കുന്നു.

സർ, ഇതിനൊക്കെ പരിഹാരമുണ്ടാക്കേണ്ടതുണ്ട്. സർക്കാർ ഇക്കാര്യത്തിൽ ഒരു സർവ്വേ നടത്തണം. എത്ര ആദിവാസികൾ ഏതൊക്കെ പ്രദേശത്ത് രോഗം പിടിപെട്ടവരായി ഉണ്ടെന്ന് കണ്ടെത്തേണ്ടിയിരിക്കുന്നു.

സർ, ആദിവാസികളുടെയിടയിൽ കണ്ടുവരുന്ന പ്രത്യേക രോഗങ്ങളെപ്പറ്റി പഠിക്കാനും ചികിൽസയ്ക്കും വേണ്ടി ചെലവഴിക്കാനും വേണ്ടി ഒരു ഹെഡ് ഓഫ് അക്കൗണ്ട് ഇപ്പോഴും ബഡ്ജറ്റിൽ ഉണ്ട്. എന്നാൽ സിക്കിൾ സെൽ അനീമിയ പോലുള്ള രോഗം വ്യാപിക്കുന്നത് തടയുന്നതിനോ ഇതിനെക്കുറിച്ച് പഠിക്കുന്നതിനോ ഒരു പൈസ പോലും ഈ ഹെഡ്ഡിൽ വകകൊള്ളിച്ചിട്ടില്ല. സർക്കാർ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ആവശ്യത്തിന് മരുന്നോ ആരോഗ്യപ്രവർത്തകരോ ഇല്ല.

സർ, അതുപോലെതന്നെ പട്ടികവർഗ്ഗ വിഭാഗത്തിന്റെ ആരോഗ്യ സംരക്ഷണത്തിനായി ആരംഭിച്ച വയനാട് ഹെൽത്ത് പ്രോജക്ട് വിപുലീകരിക്കണം. ആവശ്യത്തിന് വിദഗ്ദ്ധ ഡോക്ടർമാരെ നിയമിക്കണം.

സർ, പോഷകാഹാരക്കുറവ് നേരിടുന്ന ആദിവാസികൾക്ക് സൗജന്യമായി പോഷകാഹാരം നൽകണം. ആദിവാസികൾക്ക് ഫുഡ് സപ്പോർട്ട് പ്രോഗ്രാം പോലുള്ള പദ്ധതികൾ വഴി പോഷകാഹാരം വിതരണം ചെയ്യണം. ചെറുപയർ, മുട്ട തുടങ്ങിയവ ആദിവാസികളുടെ വീടുകളിൽ വിതരണം ചെയ്താൽ പോഷകാഹാരക്കുറവുമൂലമുണ്ടാകുന്ന സിക്കിൾ സെൽ അനീമിയ എന്ന രോഗം കൂടുതൽ ആളുകളിൽ പിടിപെടാതിരിക്കാൻ സാധിക്കും. ഇതിനൊക്കെ പുറമേ ബോധവൽക്കരണവും സാക്ഷരതാ തുടർ നടപടികളും കൊണ്ട് ഈ വിഭാഗത്തെ ബോധവാൻമാരാക്കണം. ട്രൈബൽ വോളന്റിയർമാരുടെ സേവനം ഇതിനായി വിനിയോഗിക്കണം.

സർ, പട്ടികവർഗ്ഗ വികസന വകുപ്പ് പുനഃസംഘടിപ്പിക്കുകയും പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ആരോഗ്യ പ്രവർത്തനത്തിനുവേണ്ടി കൂടുതൽ പ്രാധാന്യം കൊടുക്കുകയും വേണം. ആദിവാസി സമൂഹത്തിന്റെ സർവ്വതോൻമുഖമായ വികസനത്തിനുവേണ്ടിയും ആരോഗ്യ പരിപാലനത്തിനുവേണ്ടിയും സർക്കാർ വളരെയധികം പണം ചെലവഴിക്കുന്നു എന്നാണ് കണക്ക്. എന്നാൽ ഇന്നും ഈ നൂറ്റാണ്ടിന്റെ അവസാനത്തിലും ആദിവാസികളുടെ സ്ഥിതി വളരെ പരിതാപകരമാണ്.

സർ, ഇന്ന് ആദിവാസികളുടെയിടയിൽ കണ്ടുവരുന്ന സിക്കിൾ സെൽ അനീമിയ എന്ന രോഗത്തിന്റെ ഗുരുതരാവസ്ഥ ബഹുമാനപ്പെട്ട ഈ സഭയുടേയും സർക്കാരിന്റെയും ശ്രദ്ധയിൽക്കൊണ്ടുവന്നതു കൊണ്ട് ഈ രോഗത്തിന് ഇനിയെങ്കിലും ഒരു പരിഹാരം കണ്ട് ക്ഷയിച്ചുകൊണ്ടിരിക്കുന്ന ഈ സമൂഹത്തെ നാശത്തിൽനിന്ന് രക്ഷിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പിന്നോക്ക പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചത് ആദിവാസി സമൂഹം ഇന്ന് അനുഭവിക്കുന്ന ഏറ്റവും വലിയ ഒരു ദുരന്തം തന്നെയാണ്. അതിന് പരമാവധി സാദ്ധ്യമായ എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരിച്ചുവരികയാണ്. സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാർ കൂടുതലായിട്ടുള്ളത് വയനാട് ജില്ലയിലും അട്ടപ്പാടിയിലുമാണ്. ഈ രണ്ട് സ്ഥലങ്ങളിലാണ് സിക്കിൾസെൽ അനീമിയ എന്ന രോഗം കണ്ടുവരുന്നത്. അതിന് മരുന്ന് കൊടുക്കുന്നതിനും അതുപോലെതന്നെ രോഗം മാറ്റുന്നതിനും ഒട്ടേറെ നടപടികൾ സ്വീകരിച്ചു വരികയാണ്. അതിന്റെ ഭാഗമായി വയനാട് ജില്ലയിൽ സിക്കിൾ സെൽ അനീമിയ കൺട്രോൾ പ്രോഗ്രാം എന്ന പേരിൽ ഒരു പ്രോജക്ട് നടപ്പിലാക്കി വരുന്നത് രോഗത്തെപ്പറ്റി ഗവേഷണം നടത്താനും

LIBRARY ARCHIVES Kerala Legislative Assembly

നിയന്ത്രണ നടപടികൾ കൈക്കൊള്ളാനും വേണ്ടിയാണ്. ഡൽഹിയിലെ സർ ഗംഗാറാം ആശുപത്രിയിലെ മെഡിക്കൽ ജെനെറ്റിക് വകുപ്പിലെ ഡോ. ഐ. സി. വർമ്മ, ആൾ ഇൻഡ്യാ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെ ഡോ. എം. ഖത്ര, ഡോ. ജി.പി. ദാസ്, ചെന്നൈയിലെ ഡോ. എച്ച്. സുരേഷ് എന്നിവരും വയനാട്ടിലെ മൂട്ടിൽ വിവേകാനന്ദ മെഡിക്കൽ മിഷൻ ആശുപത്രിയും സഹകരിച്ച് ജില്ലാ കളക്ടറുടെയും വയനാട് ഐ.സി.ഡി.സി. പ്രോജക്ട് ഓഫീസറുടെയും ജില്ലാ മെഡിക്കൽ ഓഫീസറുടെയും മേൽനോട്ടത്തിലാണ് ഈ പ്രോജക്ട് പ്രവർത്തിക്കുന്നത്. ഇത് കൂടാതെ നാട്ട് ചികിൽസാ വകുപ്പിന്റെ ആഭിമുഖ്യത്തിൽ കൽപ്പറ്റ ആയുർവേദ ആശുപത്രിയിൽ ഒരു ഡോക്ടറുടെ നേതൃത്വത്തിൽ സിക്കിൾ സെൽ അനീമിയാ യൂണിറ്റ് ഫലപ്രദമായി പ്രവർത്തിക്കുന്നു. വയനാട്ടിൽ, ഏകദേശം 25,000-ഓളം രോഗവാഹകർ ഉണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്. അതിൽ ഏകദേശം 2,500 പേർ രോഗികളാണെന്നും കണ്ടെത്തിയിട്ടുണ്ട്. അടുത്ത കാലത്ത് അട്ടപ്പാടിയിൽ സിക്കിൾസെൽ അനീമിയയെ സംബന്ധിച്ച് പഠനം നടത്തിയപ്പോൾ അവിടെ ഏകദേശം 29 പേർ രോഗാണുവാഹകരാണെന്നും 3 പേർ രോഗികളാണെന്നും കണ്ടെത്തിയിട്ടുണ്ട്. അവർക്ക് ആവശ്യമായ മരുന്നുകളും മറ്റ് സൗകര്യങ്ങളും എല്ലാം ചെയ്തു കൊടുക്കാൻ പരമാവധി ശ്രമിച്ചു വരുകയാണ്. ഈ രോഗം ചികിൽസിച്ച് മാറ്റാൻ ഫലപ്രദമായ മരുന്നുകൾ ഇന്നുവരെ കണ്ടെത്തിയിട്ടില്ല. രോഗികൾക്ക് പോഷകാഹാരവും മറ്റും നൽകി രോഗം നിയന്ത്രണവിധേയമാക്കുകയാണ് ഇപ്പോൾ ചെയ്തു വരുന്നത്. ഇതിനായി രോഗബാധിതർക്ക് പോഷകാഹാരവും മരുന്നും വിതരണം ചെയ്തുവരുന്നു. വയനാട്ടിലും അട്ടപ്പാടിയിലും ഉള്ള ആശുപത്രികൾക്ക് മരുന്നും മറ്റുപകരണങ്ങളും നൽകി സുസജ്ജമാക്കിയിട്ടുണ്ട്. അട്ടപ്പാടിയിൽ സാധാരണ ഡോക്ടർമാരെ കിട്ടാൻ പ്രയാസമാണ്. അതുകൊണ്ട് അവർക്ക് കൂടുതൽ വേതനം നൽകി അട്ടപ്പാടിയിലും വയനാട്ടിലും ഡോക്ടർമാരെ നിയമിക്കാനുള്ള നടപടികളെല്ലാം സ്വീകരിച്ചിട്ടുണ്ട്. അതുപോലെതന്നെ ഇവരുടെ ബോധവൽക്കരണത്തെ സംബന്ധിച്ചും ഈ രോഗം ജനറ്റിക് ആയതുകൊണ്ട് അത് പടരുന്നത് ബ്ലഡിലൂടെയാണെന്ന് കണ്ടെത്തിയിരിക്കുന്നത്. ഈ രോഗാണുവാഹകരായ ആളുകൾ തമ്മിലുള്ള വിവാഹം പരമാവധി കുറയ്ക്കുക എന്നുള്ളതാണ് ഈ രോഗം തടയാനുള്ള ഫലപ്രദമായ ഒരു മാർഗ്ഗം. അതിനുവേണ്ടി ബ്ലഡ് പരിശോധിച്ച് രോഗാണുവാഹകരാണോ എന്ന് കണ്ടെത്തിക്കഴിഞ്ഞാൽ അവർ തമ്മിലുള്ള വിവാഹം പ്രോൽസാഹിപ്പിക്കാതിരിക്കാനും അത് തടയാനുമുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. തീർച്ചയായും ഇവരെ ബോധവൽക്കരിച്ചുകൊണ്ടും അതുപോലെ മറ്റ് സഹായസഹകരണങ്ങൾ ചെയ്തുകൊടുത്തുകൊണ്ടും ഈ രോഗത്തിൽനിന്ന് മുക്തരാക്കാനും ആദിവാസികളുടെ ക്ഷേമം ഉറപ്പാക്കാനുമാണ് ഗവൺമെന്റ് ശ്രമിച്ചു വരുന്നത്.

<u>ശ്രീമതി രാധാ രാഘവൻ</u> : സർ, രക്തക്കുറവു കൊണ്ടാണ് സിക്കിൾസെൽ അനീമിയ പടരുന്നതെന്നാണ് എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞത്. അതുകൊണ്ട് പോഷകാഹാരക്കുറവുമൂലം രോഗത്തിന് അടിമയാകുന്ന ആദിവാസി വിഭാഗങ്ങൾക്ക് സൗജന്യമായി പോഷകാഹാരവും മൂന്നുമാസമെങ്കിലും സൗജന്യമായി മരുന്നുകളും കൊടുക്കാൻ സർക്കാർ തയ്യാറാകുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : സർ, ഇപ്പോൾ തന്നെ പോഷകാഹാരം നൽകുന്നുണ്ട്. മരുന്നുകൾ നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. അത് ഫലപ്രദമാണെന്ന് അവകാശപ്പെടുന്നില്ല. അത് ഫലപ്രദമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly